ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in, dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ.എഫ്6/4730/2024/മെ.വി.വ.** **തീയതി:** 22-09-2024

# കാരണം കാണിക്കൽ നോട്ടീസ്

കോഴിക്കോട് മെഡിക്കൽ കോളേജിലെ കാർഡിയോ വാസ്കുലർ & തൊറാസിക് സർജറി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ആയ താങ്കൾ Narayana Institute of Cardiac Sciences Program IACTS Minimal Access Cardiac Science Fellowship Program ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ വകുപ്പ് തലത്തിൽ നിരസിക്കുകയും പ്രസ്തുത വിവരം താങ്കളെ രേഖാമൂലം അറിയിക്കുകയും ചെയ്തിരുന്നു .

എന്നാൽ താങ്കൾ മേൽ നിർദ്ദേശം പാലിക്കാതെ 01/08/2024 മുതൽ 31/07/2026 വരെയുള്ള കാലയളവിലേയ്ക്ക് ശൂന്യവേതനാവധി അപേക്ഷ പ്രിൻസിപ്പൽ തലത്തിൽ സമർപ്പിക്കുകയും, പ്രസ്തുത അവധി അപേക്ഷ അനുവദിയ്ക്കാൻ കഴിയുന്നതല്ല എന്നും തിരികെ ജോലിയിൽ പ്രവേശിയ്ക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് പ്രിൻസിപ്പൽ തലത്തിൽ താങ്കൾക്ക് കത്ത് നൽകിയിരുന്നു. പ്രസ്തുത കത്ത് താങ്കൾ കൈപ്പറ്റിയെങ്കിലും നാളിതുവരെയായി താങ്കൾ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്നു കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, വകുപ്പ് തലത്തിലെയും, പ്രിൻസിപ്പൽ തലത്തിലെയും നിർദേശങ്ങൾ പാലിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിന്നതിന് എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയതു ബോധ്യപ്പെടുത്തേണ്ടതും ഈ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം ജോലിയിൽ തിരികെ പ്രവേശിക്കേണ്ടതുമാണ്.

അല്ലാത്ത പക്ഷം താങ്കളുടെ അനധികൃത ഹാജരില്ലായ്മക്ക് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് താങ്കളെ സർവീസിൽ നിന്നും പിരിച്ചു വിടുന്നതാണ്.

Signed by
Thomas Mathew
Date: 22-09-2024 08:42:59

വിശ്വസ്തതയോടെ,

THOMAS MATHEW
DIRECTOR

സ്വീകർത്താവ്

ഡോ. അതുൽ എബ്രഹാം , അസിസ്റ്റന്റ് പ്രൊഫസർ,
പെരിങ്ങാട്ട് ഹൗസ്, ഉദയംപേരൂർ .പി.ഒ., എറണാകുളം